കേരളസർക്കാർ

ബജറ്റിലേയ്ക്കുള്ള പൗരന്റെ വഴികാട്ടി

CITIZEN'S GUIDE TO BUDGET 2026-2027

കേരള സർക്കാർ

ബജറ്റിലേയ്ക്കുള്ള പൗരന്റെ വഴികാട്ടി

CITIZEN’S GUIDE TO BUDGET

2026-2027

ധനകാര്യ വകുപ്പ്

ആമുഖം

ബജറ്റുമായി ബന്ധപ്പെട്ട പ്രധാന ധനകാര്യ വിവരങ്ങൾ ഒരു സാധാരണ പൗരന് ലളിതമായി മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കുന്നതിനായി **'ബജറ്റിലേയ്ക്കുള്ള പൗരന്റെ വഴികാട്ടി'** എന്ന പേരിൽ Citizen's Guide to Budget എന്ന കൈപ്പുസ്തകം **2025–26** ബജറ്റുമുതൽ മാതൃഭാഷയിൽ രൂപകൽപ്പന ചെയ്ത് പ്രസിദ്ധീകരിച്ചു വരുന്നു. **2026–27** സാമ്പത്തിക വർഷത്തിലും ഈ കൈപ്പുസ്തകം സാധാരണ ജനതയിലേക്കെത്തുകയാണ്. പൊതുപണം എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നു, സർക്കാരിന് ഏതൊക്കെ സ്രോതസ്സുകളിലൂടെയാണ് വരുമാനം ലഭിക്കുന്നത്, പ്രസ്തുത വരുമാനം ഏതെല്ലാം ആവശ്യങ്ങൾക്കാണ് സർക്കാർ വിനിയോഗിക്കുന്നത് എന്നിവയെക്കുറിച്ചുള്ള വിശദീകരണങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതോടൊപ്പം സാമ്പത്തിക വളർച്ച, പ്രധാന ധനകാര്യ സംജ്ഞകൾ, ധനകാര്യ സൂചികകൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അടിസ്ഥാന ധാരണ നേടുന്നതിനും ഈ കൈപ്പുസ്തകം പൗരന് സഹായകരമാകുന്നു.

കെ എൻ ബാലഗോപാൽ

ധനകാര്യവകുപ്പ് മന്ത്രി

തിരുവനന്തപുരം

29.01.2026

ക്രമ നം.	ഉള്ളടക്കം	പേജ്
1	2026-27 സാമ്പത്തിക വർഷം ബജറ്റിൽ വിഭാവനം ചെയ്യുന്ന സംസ്ഥാനത്തിന്റെ വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ്..	1-2
2	റവന്യൂ വരവ്..	3
3	തനത് നികുതി വരവ്..	4
4	തനത് നികുതിയേതര വരവ്..	5
5	കേന്ദ്ര നികുതി വിഹിതവും ധനസഹായവും..................................	6-7
6	വിവിധ മേഖലകളിൽ വകയിരുത്തിയിരിക്കുന്ന റവന്യൂ ചെലവുകളുടെ വിശദാംശം..	8
7	മൂലധന ചെലവുകൾ 2026-27...	9
8	2026-27 സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന വാർഷിക പദ്ധതി ചെലവ്...	10
9	സംസ്ഥാന പദ്ധതി 2026-27 ഒറ്റനോട്ടത്തിൽ	11
10	സർക്കാരിന്റെ കണക്കിനങ്ങൾ 2026-27......................................	12
11	2026-27 സാമ്പത്തിക വർഷം ഒരു രൂപ എങ്ങനെയാണ് സമാഹരിക്കപ്പെടുന്നതും, ചെലവഴിക്കപ്പെടുന്നതും....................	13
12	ധന സൂചകങ്ങൾ സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനത്തിൽ..	14
13	ബജറ്റ് ഒറ്റനോട്ടത്തിൽ..	15
14	പ്രധാനപ്പെട്ട പദ്ധതി - പദ്ധതിയേതര ചെലവുകളിലേക്ക് ഒരു എത്തിനോട്ടം..	16-21
15	പദപരിചയം..	22-23
16	റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിരക്കുകൾ...................................	24
17	വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ...	25-27
18	ഇരുപത്തിയഞ്ചാണ്ടുകൾ; അക്കങ്ങളിലൂടെ ഒരു തിരിഞ്ഞു നോട്ടം	29-33

2026-27 സാമ്പത്തിക വർഷം ബജറ്റിൽ വിഭാവനം ചെയ്യുന്ന സംസ്ഥാനത്തിന്റെ വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ്		
		(തുക കോടിയിൽ)
I	**സംസ്ഥാനത്തിന്റെ വരവ്**	
എ.	**ആകെ റവന്യു വരവുകൾ**	**182972.10**
i	തനത് നികുതി വരവ്	94002.47
ii	തനത് നികുതിയേതര വരവ്	20355.77
iii	കേന്ദ്ര നികുതി വിഹിതം	42114.32
iv	കേന്ദ്ര ധന സഹായം	26499.54
ബി.	**കടബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ**	**1515.53**
i	വായ്പകളുടെ വസൂലാക്കൽ	1449.23
ii	മറ്റ് മൂലധന വരവുകൾ	66.30
സി.	**കടമെടുപ്പും മറ്റ് ബാധ്യതകളും ഉൾപ്പെടുന്ന മൂലധന വരവുകൾ**	**55419.51**
i	പൊതു കടം(തനി)	51378.49
ii	പൊതു കണക്ക് (തനി)	4000
iii	ഡ്രാ ഡൗൺ ക്യാഷ് ബാലൻസ്	41.02
ഡി. [എ+ബി+സി]	**ആകെ വരവ്**	**239907.14**
II	**സംസ്ഥാനത്തിന്റെ ചെലവ്**	
ഇ.	**ആകെ പദ്ധതിയേതര ചെലവുകൾ**	**206723.66**
i	റവന്യു	196328.25
ii	മൂലധനം	8223.76
iii	വായ്പകളും മുൻകൂറുകളും	2171.65
എഫ്.	**ആകെ പദ്ധതി ചെലവുകൾ**	**33183.48**
i	റവന്യു	21230.51
ii	മൂലധനം	11227.40
iii	വായ്പകളും മുൻകൂറുകളും	725.57
ജി. [ഇ(i)+എഫ്(i)]	**ആകെ റവന്യു ചെലവുകൾ**	**217558.76**
എച്ച്.	**മൂലധന സ്വഭാവമുള്ള റവന്യു ചെലവ്**	**8613.10**
ഐ. [ഇ(ii)+എഫ്(ii)]	**ആകെ മൂലധന അടങ്കൽ**	**19451.16**
ജെ. [ഇ(iii)+എഫ്(iii)]	**ആകെ വായ്പകളും മുൻകൂറുകളും**	**2897.22**
കെ. [ഐ+ജെ]	**ആകെ മൂലധന ചെലവ്**	**22348.38**
എൽ. [എച്ച്+കെ]	**യഥാർത്ഥ മൂലധന ചെലവ്**	**30961.48**
എം. [ജി+ഐ+ജെ]	**ആകെ ചെലവ്**	**239907.14**
എൻ. [ജി-എ]	**റവന്യു കമ്മി**	**34586.66**
ഒ. [എൻ-എച്ച്]	**യഥാർത്ഥ റവന്യു കമ്മി**	**25973.56**
പി. [എം-(എ+ബി)]	**ധന കമ്മി**	**55419.51**

2026-27 സാമ്പത്തിക വർഷത്തെ റവന്യു ചെലവും റവന്യു വരവും തമ്മിലുള്ള താരതമ്യം



റവന്യു വരവും റവന്യു ചെലവും തമ്മിലുള്ള അന്തരമാണ് റവന്യു കമ്മി.

2026-27 സാമ്പത്തിക വർഷത്തെ ആകെ കട ബാധ്യത സൃഷ്ടിക്കാത്ത വരവും ആകെ ചെലവും തമ്മിലുള്ള താരതമ്യം



ആകെ ചെലവും ആകെ കടബാധ്യത സൃഷ്ടിക്കാത്ത വരവുകളും തമ്മിലുള്ള അന്തരമാണ് ധന കമ്മി. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരവുകളും, കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സഹായ ധനവും, സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പകളുടെ വസൂലാക്കലും, തിരിച്ചടയ്ക്കേണ്ടതല്ലാത്ത മറ്റ് വരവുകളും ചേരുന്നതാണ് ആകെ കടബാധ്യത സൃഷ്ടിക്കാത്ത വരവുകൾ.

റവന്യു വരവ്

സംസ്ഥാന സർക്കാരിന്റെ തനത് നികുതി-നികുതിയേതര വരവും, കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സഹായധനവും ഉൾപ്പെടുന്നതാണ് സംസ്ഥാന സർക്കാരിന്റെ ആകെ റവന്യു വരവ്.

സംസ്ഥാന റവന്യു വരവിന്റെ ഇനങ്ങൾ 2026-27 ബജറ്റിൽ



സംസ്ഥാന റവന്യു വരവിന്റെ വളർച്ച



തനത് നികുതി വരവ്

സംസ്ഥാന സർക്കാരിന്റെ റവന്യു വരവിന്റെ വലിയൊരു ഭാഗം സംസ്ഥാനത്തിന്റെ തനത് നികുതി വരവാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരവിൽ സിംഹ ഭാഗവും ചരക്ക് സേവന നികുതി, വില്പന നികുതി എന്നിവയിൽ നിന്നുള്ളതാണ്. കൂടാതെ വാഹന നികുതി, മുദ്ര പത്രങ്ങളും രജിസ്ട്രേഷൻ ഫീസും, സംസ്ഥാന എക്സൈസ്, വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും, ഭൂനികുതി മുതലായവയും സംസ്ഥാനത്തിന്റെ തനത് നികുതി വരവിന്റെ ഭാഗമാണ്.

2026-27 സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ തനത് നികുതി



സംസ്ഥാനത്തിന്റെ തനത് നികുതി വരവിന്റെ വളർച്ച



തനത് നികുതിയേതര വരവ്

സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവിന്റെ മുഖ്യ സ്രോതസ്സാണ് സംസ്ഥാന ഭാഗ്യകുറികളിൽ നിന്നുള്ള വരവ്. പലിശ വരവിനങ്ങൾ, ലാഭവും ലാഭ വിഹിതവും, വനവിഭവങ്ങളിൽ നിന്നുള്ള വരവ്, സാമൂഹിക സേവന മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം മുതലായവയിൽ നിന്നും ലഭിക്കുന്ന ഫീസ്, പിഴ എന്നിവയാണ് മറ്റ് പ്രധാന നികുതിയേതര വരവിന്റെ സ്രോതസ്സുകൾ.

2026-27 സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവിന്റെ ഘടകങ്ങൾ



കേന്ദ്ര നികുതി വിഹിതവും ധനസഹായവും

ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റ്-ഇൻ-എയ്ഡും, കേന്ദ്ര സർക്കാർ നേരിട്ട് വിതരണം ചെയ്യുന്ന വിവിധ ഗ്രാന്റുകളും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് പ്രധാന ഘടകങ്ങൾ. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരം രാഷ്ട്രപതി നിയമിക്കുന്ന ധനകാര്യ കമ്മീഷനുകളാണ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതി വിഭജനത്തെ കുറിച്ചുള്ള ശിപാർശകൾ നടത്തുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 270 അനുസരിച്ചാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നത്.

പതിനാറാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സംസ്ഥാനത്തിന്റെ ഈ ബജറ്റ് അവതരണ വേളയിലും പ്രസിദ്ധീകരിച്ചിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം, കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്ന നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്ക് പങ്കുവച്ച് നൽകിയിരുന്ന വിഹിതം 41 ശതമാനമായിരുന്നു. ഈ വിഹിതത്തെ 100 ശതമാനമായി കണക്കാക്കുമ്പോൾ, അതിൽ 1.925 ശതമാനമായിരുന്നു കേരളത്തിന് ലഭ്യമായിരുന്നത്. ഇതേ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായിരുന്നു.

പതിനാറാം ധനകാര്യ കമ്മീഷന്റെ കാലയളവ് ആരംഭിക്കുന്ന 2026-27 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ നികുതി വിഹിതം ബജറ്റിൽ താത്കാലികമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത കമ്മീഷന്റെ ശിപാർശകൾ പ്രസിദ്ധീകരിച്ചതിനും കേന്ദ്ര ബജറ്റ് അവതരിപ്പിച്ചതിനും ശേഷമേ, Alteration Memorandum മുഖേന യഥാർത്ഥ വിഹിതം ബജറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

കേന്ദ്ര ചരക്കു സേവന നികുതി (CGST), കോർപ്പറേറ്റ് നികുതി, ആദായ നികുതി, കേന്ദ്ര എക്സൈസ് തീരുവ എന്നിവയാണ് കേന്ദ്ര നികുതി വിഹിതത്തിലെ പ്രധാന ഇനങ്ങൾ. ഭരണഘടനയിലെ ആർട്ടിക്കിൾ 275 പ്രകാരം ഗ്രാന്റ്-ഇൻ-എയ്ഡും ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്നു. നികുതി കൈമാറ്റവും റവന്യൂ കമ്മി ഗ്രാന്റും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ ഉപാധിരഹിത ഘടകം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള മറ്റ് ഘടകങ്ങൾ ഉപാധികളോടെ അനുവദിക്കുന്ന ഗ്രാന്റുകളായി കണക്കാക്കപ്പെടുന്നു.

2026-27 സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിക്കുന്ന കേന്ദ്ര നികുതി വിഹിതം



2026-27 സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിക്കുന്ന കേന്ദ്ര ധന സഹായം

കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായ ധനം [26499.54 കോടി രൂപ]

- **ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ [17659.79 കോടി രൂപ]**
  - റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റുകൾ [14137.69 കോടി രൂപ]
  - ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ [1301.00 കോടി രൂപ]
  - നഗരപാലിക തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ [1364.20 കോടി രൂപ]
  - സംസ്ഥാന ദുരന്ത പ്രതികരണ നിധി,സംസ്ഥാന ദുരന്ത ലഘൂകരണനിധി എന്നിവയ്ക്ക് ലഭ്യമാകുന്ന ഗ്രാന്റുകൾ [382.90 കോടി രൂപ]
  - ആരോഗ്യ ഗ്രാന്റ് [474.00 കോടി രൂപ]
- **ധനകാര്യ കമ്മിഷൻ ഇതര ഗ്രാന്റുകൾ [8839.75 കോടി രൂപ]**
  - കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം [8777.75 കോടി രൂപ]
  - കേന്ദ്ര റോഡ് ഫണ്ടും മറ്റ് ഗ്രാന്റുകളും [62.00 കോടി രൂപ]

വിവിധ മേഖലകളിൽ വകയിരുത്തിയിരിക്കുന്ന റവന്യു ചെലവുകളുടെ വിശദാംശം

₹ കോടിയിൽ



മൂലധന ചെലവുകൾ 2026-27



കുറിപ്പ് : 2026-27 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന ആകെ മൂലധന അടങ്കൽ 19451.16 കോടി രൂപയും വായ്പയിനത്തിലെ പ്രതീക്ഷിത ചെലവ് 2897.22 കോടി രൂപയുമാണ്.

2026-27 സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന വാർഷിക പദ്ധതി ചെലവ്

ആകെ പദ്ധതി അടങ്കൽ
44574.66 കോടി രൂപ

<u>കുറിപ്പ്</u> :- സംസ്ഥാന പദ്ധതി വിഹിതമായ 35750 കോടി രൂപയും കേന്ദ്ര ആവിഷ്കൃത പദ്ധതികളുടെ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമായ 8777.75 കോടി രൂപയും NCDC വായ്പ സഹായമായ 46.91 കോടി രൂപയും ഉൾപ്പെടെയുള്ള ആകെ പദ്ധതി വിഹിതമാണ് 44574.66 കോടി രൂപ.

സംസ്ഥാന പദ്ധതി 2026-27 ഒറ്റനോട്ടത്തിൽ

		സേവന മേഖല	സംസ്ഥാന പദ്ധതി അടങ്കൽ	ശതമാനം
I		കൃഷിയും അനുബന്ധ സേവനങ്ങളും	1837.22	5.14%
II		ഗ്രാമ വികസനം	2526.98	7.07%
III		സഹകരണം	142.52	0.40%
IV		ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	623.85	1.75%
V		ഊർജ്ജം	1309.84	3.66%
VI		വ്യവസായവും ധാതുക്കളും	1973.51	5.52%
VII		ഗതാഗതവും വാർത്താവിനിമയവും	2285.05	6.39%
VIII		ശാസ്ത്രീയ സേവനങ്ങളും ഗവേഷണവും	288.60	0.81%
IX		സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ	12000.40	33.57%
X		സാമ്പത്തിക സേവനങ്ങൾ	2231.78	6.24%
XI		പൊതു സേവനങ്ങൾ	181.25	0.51%
XII		തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പ്രാദേശിക ആസൂത്രണ പരിപാടികൾ	10349.00	28.95%
		ആകെ സംസ്ഥാന പദ്ധതി അടങ്കൽ	**35750.00**	**100.00%**

സർക്കാരിന്റെ കണക്കിനങ്ങൾ 2026-27

സർക്കാരിന്റെ കണക്കിനങ്ങൾ

- **സഞ്ചിത നിധി [ആർട്ടിക്കിൾ 266(1)]**
  - **റവന്യൂ**
    - **വരവ്** [182972.10 കോടി രൂപ]
      - തനത് നികുതി വരവ് [94002.47 കോടി രൂപ]
      - തനത് നികുതിയേതര വരവ് [20355.77 കോടി രൂപ]
      - കേന്ദ്ര നികുതി വിഹിതം [42114.32 കോടി രൂപ]
      - കേന്ദ്ര ധന സഹായം [26499.54 കോടി രൂപ]
    - **ചെലവ്** [217558.76 കോടി രൂപ]
      - പൊതു സർവ്വീസുകൾ [105253.58 കോടി രൂപ]
      - സാമൂഹിക സർവ്വീസുകൾ [73762.66 കോടി രൂപ]
      - സാമ്പത്തിക സർവ്വീസുകൾ [20641.07കോടി രൂപ]
      - നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും [17901.45കോടി രൂപ]
  - **മൂലധനം**
    - **വരവ്** [56935.04 കോടി രൂപ]
      - പൊതു വിപണിയിൽ നിന്നുള്ള കടമെടുപ്പുൾപ്പെടുന്ന ആഭ്യന്തര കടം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ, പൊതു കണക്കിനം മുതലായവ ഉൾക്കൊള്ളുന്ന തനി മൂലധന വരവുകൾ [55419.51 കോടി രൂപ]
      - സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളുടെ വസൂലാക്കൽ, മറ്റ് പലവക വരവുകൾ മുതലായവ ഉൾക്കൊള്ളുന്ന കടബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ [1515.53 കോടി രൂപ]
    - **ചെലവ്** [22348.38 കോടി രൂപ]
      - മൂലധന അടങ്കൽ [19451.16 കോടി രൂപ]
        - പൊതു സർവ്വീസുകൾ [239.00 കോടി രൂപ]
        - സാമൂഹിക സർവ്വീസുകൾ [3553.18 കോടി രൂപ]
        - സാമ്പത്തിക സർവ്വീസുകൾ [15658.98 കോടി രൂപ]
      - വായ്പകളും മുൻ കൂറുകളും [2897.22 കോടി രൂപ]
- **ആകസ്മിക നിധി ആർട്ടിക്കിൾ 267(2)**
- **പൊതു കണക്ക് (തനി) ആർട്ടിക്കിൾ 266(2)**
  - **(ഐ)** ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് മുതലായവ [4543.94 കോടി രൂപ]
  - **(ജെ)**റിസർവ്വ് ഫണ്ടുകൾ [-1160.31കോടി രൂപ]
  - **(കെ)**നിക്ഷേപങ്ങളും മുൻകൂറുകളും [275.41 കോടി രൂപ]
  - **(എൽ)**സസ്പൻസും പലവകയും [349.81 കോടി രൂപ]
  - **(എം)**പണമടയ്ക്കൽ [-8.84 കോടി രൂപ]

2026-27 സാമ്പത്തിക വർഷം ഒരു രൂപ എങ്ങനെയാണ് സമാഹരിക്കപ്പെടുന്നത്



2026-27 സാമ്പത്തിക വർഷം ഒരു രൂപ എങ്ങനെയാണ് ചെലവഴിക്കപ്പെടുന്നത്



ധന സൂചകങ്ങൾ സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനത്തിൽ

ക്ര. നം	ധന സൂചകം	കണക്കുകൾ 2024-25	ബജറ്റ് എസ്റ്റിമേറ്റ് 2025-26	പുതുക്കിയ എസ്റ്റിമേറ്റ് 2025-26	ബജറ്റ് എസ്റ്റിമേറ്റ് 2026-27
എ	**റവന്യു കമ്മി** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ	2.49	1.90	2.58	2.12
ബി	**ധന കമ്മി** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ	3.86	3.16	3.78	3.40
സി	**പ്രാഥമിക കമ്മി** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ	1.53	0.93	1.55	1.29
ഡി	**സംസ്ഥാനത്തിന്റെ ആകെ കട ബാധ്യത** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ	34.87	33.77	34.26	33.44



ബജറ്റ് ഒറ്റനോട്ടത്തിൽ

		2024-25 കണക്കുകൾ	2025-26 ബജറ്റ് എസ്റ്റിമേറ്റ്	2025-26 പുതുക്കിയ എസ്റ്റിമേറ്റ്	2026-27 ബജറ്റ് എസ്റ്റിമേറ്റ്
					(തുക കോടിയിൽ)
എ	**റവന്യൂ വരവുകൾ**	**124861.07**	**152351.67**	**137082.61**	**182972.10**
1	സംസ്ഥാനത്തിന്റെ തനത് നികുതി വരവ്	76642.19	91514.75	83730.96	94002.47
2	സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവ്	16486.62	19145.53	18760.72	20355.77
3	കേന്ദ്ര നികുതി വിഹിതം	24772.38	28616.50	27382.06	42114.32
4	കേന്ദ്ര ധനസഹായം	6959.87	13074.90	7208.87	26499.54
ബി	**മൂലധന വരവുകൾ**	**48946.50**	**46230.73**	**55372.99**	**56935.04**
1	വായ്പകളുടെ വസൂലാക്കൽ	667.16	1125.91	1385.34	1449.23
2	മറ്റ് വരവുകൾ	31.20	66.30	38.15	66.30
3	കടമെടുപ്പും മറ്റ് ബാധ്യതകളും	48248.14	45038.52	53949.50	55419.51
(i)	പൊതു കടം (തനി)	42025.88	40848.21	49908.80	51378.49
(ii)	പൊതു കണക്കിനം (തനി)	5605.16	4150.00	4000.00	4000.00
(iii)	ഡ്രോ ഡൗൺ ക്യാഷ് ബാലൻസ്	617.10	40.31	40.70	41.02
സി	**ആകെ വരവുകൾ [എ+ബി]**	**173807.57**	**198582.40**	**192455.60**	**239907.14**
ഡി	**ആകെ ചെലവുകൾ**	**173807.57**	**198582.40**	**192455.60**	**239907.14**
1	റവന്യൂ	155920.79	179476.20	173971.80	217558.76
	ഇതിൽ,				
	(i) പലിശ കൊടുക്കൽ	29138.23	31823.72	31816.01	34376.02
2	മൂലധന ചെലവ്	17886.78	19106.21	18483.80	22348.38
(i)	മൂലധന അടങ്കൽ	15082.41	16938.10	15670.22	19451.16
(ii)	വായ്പകളും മുൻകൂറുകളും വിതരണം	2804.36	2168.11	2813.58	2897.22
ഇ	**റവന്യൂ കമ്മി [ഡി(1)-എ]**	**31059.72**	**27124.52**	**36889.19**	**34586.66**
എഫ്	**ധന കമ്മി [ഡി -(എ+ബി(1)+ബി(2))]**	**48248.14**	**45038.52**	**53949.50**	**55419.51**
ജി	**പ്രാഥമിക കമ്മി [എഫ്-ഡി(1 (i)]**	**19109.90**	**13214.80**	**22133.49**	**21043.49**
എച്ച്	**സംസ്ഥാനത്തിന്റെ ആകെ കട ബാധ്യത**	**435313.65**	**481997.62**	**488910.46**	**544832.88**
	ഇതിൽ ,				
	i. പൊതു കടം	310015.87	349444.24	359924.68	411303.17
	ii. ലഘു സമ്പാദ്യങ്ങൾ പ്രോവിഡന്റ് ഫണ്ട്,ട്രഷറി ഡിപ്പോസിറ്റുകൾ മുതലായവ	125297.78	132553.39	128985.78	133529.72
ഐ	സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം (ജി.എസ്.ഡി.പി)	1248533.01	1427145.23	1427145.23	1629072.51

2026-27 ലെ പ്രധാനപ്പെട്ട പദ്ധതി - പദ്ധതിയേതര ചെലവുകളിലേക്ക് ഒരു എത്തിനോട്ടം

- 2026-27 ലെ സംസ്ഥാന പദ്ധതി വിഹിതമായ **35750 കോടി രൂപയും**. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമായ **8777.75 കോടി** രൂപയും NCDC വായ്പ സഹായമായ **46.90 കോടി** രൂപയുമുൾപ്പെടെ ആകെ പദ്ധതി വിഹിതം **44574.66 കോടി രൂപ**. ആകെ പദ്ധതി വിഹിതത്തിൽ മുൻ വർഷത്തെക്കാൾ **7 ശതമാനത്തിന്റേയും** സംസ്ഥാന പദ്ധതി വിഹിതത്തിൽ **10 ശതമാനത്തിന്റേയും** വർദ്ധനവ്.
- വികേന്ദ്രീകരണത്തോടുള്ള പ്രതിബദ്ധത ഉയർത്തിപിടിച്ചുകൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി മാറ്റി വയ്ക്കുന്ന വിഹിതം **17901.45 കോടി രൂപ.** ഇത് മുൻ വർഷത്തേക്കാൾ **1920.96 കോടി രൂപ** കൂടുതലാണ്.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വയോധികർ, അഗതികൾ, വിധവകൾ, 50 വയസ് പിന്നിട്ട അവിവാഹിതകൾ, കർഷക തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് **14500 കോടി രൂപ.** ഇത് മുൻ വർഷത്തേക്കാൾ **1160 കോടി രൂപ** കൂടുതലാണ്.
- സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നിലും ഗുണഭോക്താക്കൾ ആകാത്തവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ 35 നും 60 നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് 1,000 രൂപ പ്രതിമാസ ധനസഹായം ഉറപ്പാക്കുന്ന “മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി” യ്ക്കായി **3720 കോടി രൂപ.**

- 18നും 30നും ഇടയിൽ പ്രായമുള്ളതും കുടുംബത്തിന്റെ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കവിയാത്തതുമായ സംസ്ഥാനത്തെ തൊഴിൽ അന്വേഷകരായ യുവാക്കൾക്ക് പ്രതിമാസം 1,000 രൂപ വീതം ഒരു വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുന്ന "മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി" യ്ക്കായി **400 കോടി രൂപ.**
- 2026-27 സാമ്പത്തിക വർഷം മുതൽ വയോജന സൗഹൃദനയത്തിന് പ്രാധാന്യം നൽകിക്കൊണ്ട് **Elderly Budget** എന്ന് നാമകരണം ചെയ്തിട്ടുള്ള പ്രത്യേക ബജറ്റ് രേഖ.
- ജനസംഖ്യയുടെ **18.70 ശതമാനമുള്ള** വയോജനങ്ങൾക്കായി ബജറ്റ് എസ്റ്റിമേറ്റിന്റെ **19.07 ശതമാനം** വകയിരുത്തുന്നു.
- കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി **900 കോടി രൂപ.** മുൻ വർഷത്തെക്കാൾ **200 കോടി രൂപ** കൂടുതലാണ്.
- സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പാ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യങ്ങളിൽ ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതകൾ നേരിടുന്നതിനായി രൂപീകരിച്ച ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലേക്കായി **2,000 കോടി രൂപ.**
- ഭവനരഹിതരും ഭൂരഹിത-ഭവനരഹിതരുമായ കുടുംബങ്ങൾക്ക് സുരക്ഷിതവും മാന്യവുമായ വാസസ്ഥലം ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനു വേണ്ടി **1775.26 കോടി രൂപ.**
- പുനർഗേഹത്തിന് സംസ്ഥാന പദ്ധതിയിനത്തിൽ **64.20 കോടി രൂപ.**
- മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് മുൻ വർഷത്തേക്കാൾ **1000 കോടി രൂപ** അധിക സംസ്ഥാന വിഹിതം.
- നെല്ല് സംഭരണത്തിനുള്ള സംസ്ഥാന പദ്ധതിയേതര വിഹിതം **742 കോടി രൂപ .** ഇത് മുൻ വർഷത്തെക്കാൾ **135.62 കോടി രൂപ** കൂടുതലാണ്.

- റബ്ബർ ഉത്പാദന പ്രോത്സാഹനത്തിനായുള്ള സംസ്ഥാന പദ്ധതിയേതര വിഹിതം **700 കോടി രൂപ.** ഇത് മുൻ വർഷത്തെക്കാൾ **100 കോടി രൂപ** കൂടുതലാണ്.
- വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയേതര വിഹിതമായി സപ്ലൈക്കോയ്ക്ക് **315 കോടി രൂപയും** കൺസ്യൂമർ ഫെഡിന് **75 കോടി രൂപ** ഉൾപ്പെടെ ആകെ **390 കോടി രൂപ.** ഇത് മുൻ വർഷത്തെ ബജറ്റ് വിഹിതത്തെക്കാൾ **65 കോടി രൂപ** കൂടുതലാണ്.
- കുടുംബശ്രീക്ക് സംസ്ഥാന പദ്ധതിയിനത്തിൽ **275 കോടി രൂപ.**
- വിദ്യാഭ്യാസ മേഖലയ്ക്കായി പദ്ധതി-പദ്ധതിയേതര വിഹിതമായി **33074.71 കോടി രൂപ.** ഇത് മുൻ വർഷത്തെക്കാൾ **7286.50 കോടി** കൂടുതലാണ്.
- പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് മാത്രമായി സംസ്ഥാന പദ്ധതിയിനത്തിൽ **1685.17 കോടി രൂപ.** ഇത് മുൻ സാമ്പത്തിക വർഷത്തെക്കാൾ **684.14 കോടി രൂപ** കൂടുതലാണ്.
- സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മാത്രമായി സംസ്ഥാന പദ്ധതിയിനത്തിൽ **851.46 കോടി രൂപ.** ഇത് മുൻ സാമ്പത്തിക വർഷത്തെക്കാൾ **67.95 കോടി രൂപ** കൂടുതലാണ്.
- സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് **410.66 കോടി രൂപ.** ഇത് മുൻ വർഷത്തെ ബജറ്റ് വിഹിതത്തെക്കാൾ **158.66 കോടി രൂപ** കൂടുതലാണ്.
- വ്യവസായ മേഖലയ്ക്കായി പദ്ധതി-പദ്ധതിയേതര വിഹിതമായി **2273.42 കോടി രൂപ.** മുൻ വർഷത്തെക്കാൾ **211 കോടി രൂപ** കൂടുതലാണ്.
- വ്യവസായവും ധാതുക്കളും എന്ന മേഖലയ്ക്ക് വകയിരുത്തുന്ന സംസ്ഥാന പദ്ധതി വിഹിതം **1973.51 കോടി രൂപ.** മുൻ വർഷത്തെക്കാൾ **154.15 കോടി രൂപ** അധിക വിഹിതം.
- ഇടത്തരവും വലുതുമായ വ്യവസായ മേഖലയ്ക്ക് വകയിരുത്തുന്ന സംസ്ഥാന പദ്ധതി വിഹിതം **853.74 കോടി രൂപ.** മുൻ വർഷത്തെക്കാൾ **58.65 കോടി രൂപ** അധിക വിഹിതം.
- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യ മേഖലയ്ക്കുള്ള പദ്ധതി-പദ്ധതിയേതര വിഹിതമായി **13149.50 കോടി രൂപ.**

- ഭക്ഷ്യ മേഖലയ്ക്കായി പദ്ധതി-പദ്ധതിയേതര വിഹിതമായി **2333.64 കോടി രൂപ**. മുൻ വർഷത്തേക്കാൾ **267.24 കോടി രൂപ** അധിക വിഹിതം.
- കാർഷിക മേഖലയ്ക്കായി പദ്ധതി-പദ്ധതിയേതര വിഹിതമായി **4124.70 കോടി രൂപ**. മുൻ വർഷത്തെക്കാൾ **528.30 കോടി രൂപ** അധിക വിഹിതം.
- പൊതുമരാമത്ത് വകുപ്പിന് പദ്ധതി-പദ്ധതിയേതര വിഹിതമായി **5673.96 കോടി രൂപ**. മുൻ വർഷത്തേക്കാൾ **819.26 കോടി രൂപ** അധിക വിഹിതം.
- ഗ്രാമവികസനത്തിന് സംസ്ഥാന പദ്ധതിയിനത്തിൽ **1998 കോടി രൂപ.**
- നഗരവികസനത്തിന് സംസ്ഥാന പദ്ധതിയിനത്തിൽ **1094.58 കോടി രൂപ.**
- ഊർജ്ജ മേഖലയ്ക്ക് സംസ്ഥാന പദ്ധതിയിനത്തിൽ **1309.84 കോടി രൂപ.** മുൻ വർഷത്തേക്കാൾ **153.08 കോടി രൂപ** അധിക വിഹിതം.
- വനം വന്യ ജീവി മേഖലയ്ക്കായി സംസ്ഥാന പദ്ധതിയിനത്തിൽ **288.60 കോടി രൂപ.** മുൻ വർഷത്തെ അപേക്ഷിച്ച് **11** ശതമാനത്തിന്റെ വർദ്ധനവ്.
- മനുഷ്യ-വന്യ ജീവി സംഘർഷ ലഘൂകരണത്തിന് **102.20 കോടി രൂപ.**
- വിവരസാങ്കേതിക മേഖലയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതം **548.05 കോടി രൂപ.** ഇത് മുൻ വർഷത്തെക്കാൾ **30.41 കോടി രൂപ** കൂടുതലാണ്.
- ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരപരിപാലനത്തിനുമായുള്ള സംസ്ഥാന പദ്ധതി വിഹിതം **623.85 കോടി രൂപ.** ഇത് മുൻ വർഷത്തെക്കാൾ **14 കോടി രൂപ** കൂടുതലാണ്.
- പട്ടിക ജാതി പട്ടിക വർഗ പിന്നാക്ക ന്യൂന പക്ഷ വിഭാഗങ്ങൾക്കായി **3774.72 കോടി രൂപ**. മുൻ വർഷത്തേക്കാൾ **286.80 കോടി രൂപ** അധിക വിഹിതം.
- പട്ടിക ജാതി ഉപ പദ്ധതിക്ക് **3507 കോടി രൂപ.**

- പട്ടിക വർഗ്ഗ വികസനത്തിന് സംസ്ഥാന പദ്ധതിയിനത്തിൽ **1012 കോടി രൂപ.**
- ന്യൂനപക്ഷ ക്ഷേമത്തിന് സംസ്ഥാന പദ്ധതിയിനത്തിൽ **94.69 കോടി രൂപ.**
- മറ്റ് പിന്നാക്ക വിഭാഗ ക്ഷേമത്തിന് സംസ്ഥാന പദ്ധതിയിനത്തിൽ **200.94 കോടി രൂപ.**
- മുന്നാക്ക വിഭാഗ ക്ഷേമത്തിന് സംസ്ഥാന പദ്ധതിയിനത്തിൽ **39.77 കോടി രൂപ.**ഇത് മുൻ സാമ്പത്തിക വർഷം **37.92 കോടി** രൂപയായിരുന്നു.
- നെല്ല് ഉത്പാദനത്തിനുള്ള സംസ്ഥാന പദ്ധതി വിഹിതം **93.60 കോടി രൂപ.**
- വിളപരിപാലനത്തിനുള്ള സംസ്ഥാന പദ്ധതി വിഹിതം **539.44 കോടി രൂപ.**
- സമഗ്ര പച്ചക്കറി വികസനത്തിനുള്ള സംസ്ഥാന പദ്ധതി വിഹിതം – **78.45 കോടി രൂപ.**
- കാർഷികോത്പന്ന വിപണനത്തിനായുള്ള സംസ്ഥാന പദ്ധതി വിഹിതം – **43.90 കോടി രൂപ.**
- മണ്ണിനും ജലസംരക്ഷണത്തിനുമായുള്ള സംസ്ഥാന പദ്ധതി വിഹിതം **81.24 കോടി രൂപ.**
- നാളികേര വികസനത്തിനായുള്ള സംസ്ഥാന പദ്ധതി വിഹിതം **73 കോടി രൂപ.**
- മത്സ്യബന്ധന-തീരദേശ വികസനത്തിന് വകയിരുത്തുന്ന സംസ്ഥാന പദ്ധതി വിഹിതം **423.10 കോടി രൂപ.**
- സഹകരണമേഖലയ്ക്ക് വകയിരുത്തുന്ന സംസ്ഥാന പദ്ധതി വിഹിതം **142.52 കോടി രൂപ.**
- കൈത്തറി, യന്ത്രത്തറി വ്യവസായങ്ങൾക്ക് സംസ്ഥാന പദ്ധതിയിനത്തിൽ വകയിരുത്തുന്ന വിഹിതം **59 കോടി രൂപ.**
- ഖാദി വ്യവസായങ്ങൾക്ക് സംസ്ഥാന പദ്ധതിയിനത്തിൽ വകയിരുത്തുന്ന വിഹിതം **16.70 കോടി രൂപ**
- കയർ വ്യവസായത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ വകയിരുത്തുന്ന വിഹിതം **110.64 കോടി രൂപ.**
- കശുവണ്ടി മേഖലയ്ക്കായി **56 കോടി രൂപ.**

- ഇടുക്കി, കാസറഗോഡ് , വയനാട് വികസന പാക്കേജുകൾക്കായി സംസ്ഥാന പദ്ധതിയിനത്തിൽ **80 കോടി രൂപ** വീതവും കുട്ടനാട് പാക്കേജിനായി **75 കോടി രൂപയും.**
- ഗതാഗത മേഖലയ്ക്ക് സംസ്ഥാന പദ്ധതിയിനത്തിൽ **1871.53 കോടി രൂപ.**
- കെ.എസ്.ആർ.ടി.സി.ക്കായി **1185.72 കോടി രൂപ.**
- ഡിജിറ്റൽ സർവ്വകലാശാലയ്ക്കായി സംസ്ഥാന പദ്ധതിയിനത്തിൽ **27.81കോടി രൂപ**.
- സ്പെയ്സ് പാർക്കിനായി സംസ്ഥാന പദ്ധതിയിനത്തിൽ **57.5 കോടി രൂപ.** ഇത് മുൻവർഷത്തെക്കാൾ 9.52 ശതമാനം കൂടുതലാണ്.
- കെ. എസ്.ഐ.ഡി.സി.യ്ക്ക് സംസ്ഥാന പദ്ധതിയിനത്തിൽ 146.18 കോടി രൂപ
- **കിൻഫ്രയ്ക്ക്** സംസ്ഥാന പദ്ധതിയിനത്തിൽ **363.81 കോടി രൂപ**
- ക്ഷീര വികസനത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ **128.05 കോടി രൂപ.**
- ശബരിമല മാസ്റ്റർ പ്ലാനിനായി **30 കോടി രൂപ**. ഇത് മുൻവർഷത്തെക്കാൾ 8.7 ശതമാനം കൂടുതലാണ്.
- അങ്കണവാടി ജീവനക്കാരുടെ ഓണറേറിയത്തിന് **929.27 കോടി രൂപ.** മുൻ വർഷത്തെക്കാൾ **230.60 കോടി രൂപ** അധിക വിഹിതം.
- ആശ വർക്കർമാരുടെ ഓണറേറിയത്തിന് **250.80 കോടി രൂപ**. മുൻ വർഷത്തെക്കാൾ **52.90 കോടി രൂപ** അധിക വിഹിതം.

പദപരിചയം

റവന്യു വരവ്	സംസ്ഥാന സർക്കാരിന്റെ തനത് നികുതി-നികുതിയേതര വരവും,കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സഹായ ധനവും ഉൾപ്പെടുന്നതാണ് സംസ്ഥാന സർക്കാരിന്റെ ആകെ റവന്യു വരവ്.
നികുതി വരവ്	സർക്കാരിന് ലഭ്യമാകുന്ന റവന്യു വരുമാനത്തിന്റെ പ്രഥമവും പ്രധാനവുമായ സ്രോതസ്സാണ് നികുതി. സർക്കാരിന് നിർബന്ധമായും ഒടുക്കേണ്ടതും എന്നാൽ നികുതിദായകന് നേരിട്ട് ഗുണഫലങ്ങൾ പ്രതീക്ഷിക്കാൻ കഴിയാത്തതുമാണ് നികുതി. സർക്കാർ പിരിച്ചെടുക്കുന്ന ഈ നികുതികൾ പൊതുക്ഷേമ സേവനങ്ങളുടെ രൂപത്തിൽ എല്ലാവർക്കും പൊതുവായ ആനുകൂല്യങ്ങൾ നൽകാനാണ് ഉപയോഗിക്കുന്നത്.
നികുതിയേതര വരവ്	നികുതി ഒഴികെയുള്ള സ്രോതസ്സുകളിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന റവന്യു വരവാണ് നികുതിയേതര വരവ്.
മൂലധന വരവ്	മൂലധന വരവിനെ പ്രധാനമായും 'കടബാധ്യത സൃഷ്ടിക്കുന്നവയെന്നും'കടബാധ്യത സൃഷ്ടിക്കാത്തവയെന്നും' രണ്ടായി തരം തിരിക്കാം. ധന കമ്മി നികത്തുവാൻ സർക്കാർ എടുക്കുന്ന വിവിധ വായ്പകളും , സർക്കാർ സ്വീകരിക്കുന്ന നിക്ഷേപങ്ങളും കടബാധ്യത സൃഷ്ടിക്കുന്ന ഗണത്തിൽപ്പെടുന്നു. സർക്കാർ നൽകുന്ന വായ്പകളുടെ വസൂലാക്കലും,സർക്കാർ അധീനതയിലുള്ള ഓഹരികളുടെ വിറ്റഴിക്കലിലൂടെ സമാഹരിക്കപ്പെടുന്ന വരവുകളും കടബാധ്യത സൃഷ്ടിക്കാത്ത ഗണത്തിൽ ഉൾപ്പെടുന്നു.
കടമെടുപ്പും മറ്റ് ബാധ്യതകളും	പൊതു വിപണിയിൽ നിന്നുള്ള വായ്പകളും റിസർവ്വ് ബാങ്ക് ഇന്ത്യയിൽ നിന്നുള്ള മുൻകൂറുകളും ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര കടവും, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ചേരുന്നതാണ് പൊതു കടം. ലഘു സമ്പാദ്യങ്ങൾ പ്രൊവിഡന്റ് ഫണ്ട്, ട്രഷറി സേവിങ്ങ്സ് ഡിപ്പോസിറ്റുകൾ, റിസർവ്വ് ഫണ്ടുകൾ മുതലായവ അടങ്ങുന്ന പൊതു കണക്കിനത്തിലെ നീക്കിയിരുപ്പാണ് മറ്റ് ബാധ്യതകളിൽ ഉൾപ്പെടുന്നത് .

റവന്യു ചെലവ്	ആവർത്തന സ്വഭാവമുള്ളതും സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായതുമായ ചെലവുകൾ റവന്യു ചെലവുകൾ എന്ന ഗണത്തിൽപ്പെടുന്നു. ശമ്പളം,പെൻഷൻ, സർക്കാർ എടുക്കുന്ന വിവിധ വായ്പകൾക്ക് കൊടുക്കുന്ന പലിശ, സബ്സിഡികൾ, സർക്കാരിന്റെ ഭരണപരമായ ചെലവുകൾ മുതലായവ ഈ ഗണത്തിൽ ഉൾപ്പെടുന്നു.
മൂലധന ചെലവ്	സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിനും ആവർത്തന ബാധ്യതകൾ കുറയ്ക്കുന്നതിനുമായി ചെലവിടുന്ന തുകയാണ് മൂലധന അടങ്കൽ എന്ന ഗണത്തിൽ ഉൾപ്പെടുന്നത്. ഇതിന് പുറമേ, സംസ്ഥാന സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവരുടെ ആസ്തി സൃഷ്ടിക്കലിനായി വായ്പകളും മുൻകൂറുകളും അനുവദിക്കുന്നുണ്ട്. മൂലധന അടങ്കലിനോടൊപ്പം സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പകളും മുൻകൂറുകളും ചേർത്താൽ അതിനെ മൂലധന ചെലവ് എന്ന് വിവക്ഷിക്കാം. പാലങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ എന്നിവയുടെ നിർമ്മാണ ചെലവുകൾ ഈ ഗണത്തിൽ ഉൾപ്പെടുന്നു.
റവന്യൂ കമ്മി	റവന്യു വരവും റവന്യു ചെലവും തമ്മിലുള്ള അന്തരമാണ് റവന്യു കമ്മി അഥവാ റവന്യു മിച്ചം. റവന്യു വരവിനെക്കാൾ റവന്യു ചെലവ് വർദ്ധിച്ചാൽ അത് റവന്യു കമ്മിയ്ക്കും റവന്യു വരവിനെക്കാൾ റവന്യു ചെലവ് കുറഞ്ഞാൽ അത് റവന്യു മിച്ചത്തിനും കാരണമാകുന്നു.
ധനകമ്മി	സർക്കാരിന്റെ ആകെ ചെലവും കടബാധ്യത സൃഷ്ടിക്കാത്ത ആകെ വരവും തമ്മിലുള്ള അന്തരമാണ് ധനകമ്മി അഥവാ ധന മിച്ചം. സർക്കാരിന്റെ ആകെ ചെലവ് കടബാധ്യത സൃഷ്ടിക്കാത്ത ആകെ വരവിനെക്കാൾ കൂടുതൽ ആകുന്നതാണ് ധനക്കമ്മി. റവന്യു വരവ് സർക്കാർ നൽകുന്ന വായ്പകളുടെ വസൂലാക്കൽ,സർക്കാർ അധീനതയിലുള്ള ഓഹരികളുടെ വിറ്റഴിക്കൽ മുതലായവയാണ് കടബാധ്യത സൃഷ്ടിക്കാത്ത വരവിൽ ഉൾപ്പെടുന്നവ.
പ്രാഥമിക കമ്മി	ധന കമ്മിയിൽ നിന്നും പലിശയിനത്തിലെ ചെലവു കിഴിക്കുന്നതാണ് പ്രാഥമിക കമ്മി.
കടബാധ്യത സൃഷ്ടിക്കാത്ത വരവുകൾ	സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരവുകളും, കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സഹായ ധനവും, സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പകളുടെ വസൂലാക്കലും, തിരിച്ചടയ്ക്കേണ്ടതല്ലാത്ത മറ്റ് വരവുകളും ചേരുന്നതാണ് കടബാധ്യത സൃഷ്ടിക്കാത്ത വരവുകൾ
മൊത്ത ആഭ്യന്തര ഉത്പാദനം (GDP)	ഒരു നിശ്ചിത പ്രദേശത്ത് നിർണ്ണിത കാലയളവിൽ ഉത്പാദിപ്പിക്കപ്പെടുന്ന മൊത്തം വസ്തുക്കളുടെയും, സേവനത്തിന്റെയും വിപണിമൂല്യമാണ് മൊത്ത ആഭ്യന്തര ഉത്പാദനം അഥവാ ജി.ഡി.പി. (Gross Domestic Product).

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിരക്കുകൾ

സമ്പദ്‌വ്യവസ്ഥയിൽ പണപ്രവാഹം ഉണ്ടാകുന്നതിനെ നിയന്ത്രിക്കാൻ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ചില നടപടികൾ എടുക്കാറുണ്ട്. റിപ്പോ, റിവേഴ്സ് റിപ്പോ, ക്യാഷ് റിസർവ്വ് റേഷ്യോ അഥവാ സി ആർ ആർ (കരുതൽ ധനാനുപാതം), സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ അഥവാ എസ് എൽ ആർ തുടങ്ങിയവയാണ് അവ.

റിപ്പോ നിരക്ക്

വായ്പാ ഡിമാന്റ് കൂടുമ്പോൾ കൈയ്യിൽ പണം ഇല്ലെങ്കിൽ ആർബിഐ ബാങ്കുകൾക്ക് കടം കൊടുക്കും. അതിനുള്ള പലിശ നിരക്കാണ് റിപ്പോ. റിപ്പോ നിരക്ക് കൂടി എന്നാൽ അതിനർത്ഥം സമ്പദ്‌വ്യവസ്ഥയിലേക്ക് പണം ഒഴുക്കാൻ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ആഗ്രഹിക്കുന്നില്ലയെന്നാണ്. ഇപ്പോൾ റിപ്പോ നിരക്ക് **5.25 ശതമാനമാണ്.**

റിവേഴ്സ് റിപ്പോ നിരക്ക്

വായ്പ നൽകാൻ അവസരമില്ലാതെ പണം ബാങ്കുകളുടെ കൈയ്യിൽ കുമിഞ്ഞ് കൂടിയാൽ ആർ ബി ഐ അത് നിക്ഷേപമായി സ്വീകരിക്കും. അതിന് ബാങ്കുകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന പലിശയാണ് റിവേഴ്സ് റിപ്പോ നിരക്ക്. ഇപ്പോൾ റിവേഴ്സ് റിപ്പോ നിരക്ക് **3.35 ശതമാനമാണ്**.

ക്യാഷ് റിസർവ്വ് റേഷ്യോ അഥവാ സി ആർ ആർ (കരുതൽ ധനാനുപാതം)

ഒരാളിൽ നിന്ന് നൂറ് രൂപ നിക്ഷേപമായി കിട്ടിയാൽ മറ്റൊരാൾക്ക് ആ നൂറ് രൂപ മുഴുവനായും വായ്പ നൽകുന്നതിന് ഉപയോഗിക്കാൻ ബാങ്കുകൾക്ക് കഴിയില്ല. പ്രസ്തുത തുകയിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ആർ ബി ഐയുടെ കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കണം. ഇതാണ് സി ആർ ആർ. ഇതിന് പലിശ കിട്ടില്ല. ഇപ്പോൾ ക്യാഷ് റിസർവ്വ് റേഷ്യോ **3.00 ശതമാനമാണ്**.

സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ അഥവാ എസ്എൽആർ

വ്യക്തികളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപത്തിന്റെ ഒരു നിശ്ചിത ശതമാനം ബാങ്കുകൾ ഗവൺമെന്റ് സെക്യൂരിറ്റീസിൽ നിക്ഷേപിക്കേണ്ടതുണ്ട്. ഇതിന് പലിശ കിട്ടും. ഈ ശതമാനമാണ് സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ (എസ് എൽ ആർ). ഇപ്പോൾ സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ **18 ശതമാനമാണ്**. നൂറ് രൂപ നിക്ഷേപമായി കിട്ടിയാൽ അതിന്റെ 3.25 ശതമാനം സി ആർ ആറും 18 ശതമാനം എസ് എൽ ആറും ആയി മാറ്റിവച്ച ശേഷം ശേഷിക്കുന്ന രൂപയാണ് വായ്പ നൽകാൻ ബാങ്കുകൾക്ക് ലഭിക്കുന്നത്.

വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് താൽക്കാലിക വായ്പാ സൗകര്യങ്ങൾ നൽകുന്നു. ഈ വായ്പാ സൗകര്യത്തിന് വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ (WMA) എന്നാണ് വിളിക്കുന്നത്. വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് സ്കീം 1997 ലാണ് നിലവിൽ വന്നത്. സർക്കാരിന്റെ വരവും ചെലവും തമ്മിലുള്ള താൽക്കാലിക പൊരുത്തക്കേടുകൾ തരണം ചെയ്യുന്നതിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ആവശ്യമെങ്കിൽ സർക്കാരിന് ആർ.ബി.ഐയിൽ നിന്ന് ഉടനടി ഈ രീതിയിൽ പണം എടുക്കാവുന്നതാണ്. എന്നാൽ **90 ദിവസത്തിനകം** സർക്കാർ തുക തിരികെ നൽകണം. നിലവിലുള്ള റിപ്പോ നിരക്കിലാണ് ഇതിന് പലിശ ഈടാക്കുന്നത്.

വെയ്സ് ആൻഡ് മീൻസ് അഡ്വാൻസുകളുടെ പരിധി കേന്ദ്ര സർക്കാരും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും പരസ്പര ധാരണയോടുകൂടിയാണ് നിശ്ചയിക്കുന്നതും, കാലോചിതമായി പരിഷ്കരിക്കുന്നതും. രണ്ട് തരത്തിലുള്ള വെയ്സ് ആൻഡ് മീൻസ് മുൻകൂറുകളുണ്ട് - സാധാരണവും, സ്പെഷ്യലും. ഏകീകൃത ഋണമോചന ഫണ്ടിലും (Consolidated Sinking Fund) ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലുമുള്ള നിക്ഷേപത്തിന്റേയും, സംസ്ഥാന സർക്കാർ സെക്യൂരിറ്റികളുടെ ഈടിന്റേയും അടിസ്ഥാനത്തിലാണ് സ്പെഷ്യൽ വെയ്സ് ആൻഡ് മീൻസ് മുൻ-കൂറുകൾ അഥവാ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി ലഭ്യമാകുന്നത്. സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റിയുടെ പരിധി തീർന്ന ശേഷം സംസ്ഥാനം സാധാരണ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസുകളാണ് എടുക്കുന്നത്. സാധാരണ വെയ്സ് ആൻഡ് മീൻസ് മുൻകൂറുകളുടെ പലിശ റിപ്പോ

നിരക്കിലാണ്. ഋണമോചന ഫണ്ടിലും (Consolidated Sinking Fund) ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലുമുള്ള നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റിയുടെ പലിശ റിപ്പോ നിരക്കിനേക്കാൾ രണ്ട് ശതമാനം കുറവാണ്. സംസ്ഥാന സർക്കാർ സെക്യൂരിറ്റികളുടെ ഈടിൻമേൽ ലഭ്യമാകുന്ന സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റിയുടെ പലിശ റിപ്പോ നിരക്കിനേക്കാൾ ഒരു ശതമാനം കുറവാണ്. സംസ്ഥാനത്തിന്റെ മൂന്ന് വർഷ കാലയളവിലെ ശരാശരി വരവുകളുടേയും, മൂലധന ചെലവുകളുടേയും അടിസ്ഥാനത്തിലാണ് സാധാരണ വെയ്സ് ആൻഡ് മീൻസ് മുൻകൂറുകളുടെ കീഴിലുള്ള വായ്പകളുടെ/മുൻകൂറുകളുടെ എണ്ണം കണക്കാക്കുന്നത്.

വെയ്സ് ആൻഡ് മീൻസ് മുൻകൂറിന് ഉപരിയായി സംസ്ഥാനം എടുക്കുന്ന ഏതൊരു തുകയും ഓവർ ഡ്രാഫ്റ്റാണ്. വെയ്സ് ആൻഡ് മീൻസ് മുൻകൂർ(WMA) 90 ദിവസത്തിൽ കൂടുതലാണെങ്കിൽ അത് ഓവർഡ്രാഫ്റ്റായി കണക്കാക്കും. ഓവർഡ്രാഫ്റ്റുകളുടെ പലിശ റിപ്പോ നിരക്കിനേക്കാൾ **2 ശതമാനം കൂടുതലാണ്**. ഓവർഡ്രാഫ്റ്റായി എടുക്കുന്ന തുക വെയ്സ് ആൻഡ് മീൻസ് മുൻകൂറിന് നിശ്ചയിച്ചിരിക്കുന്ന പരിധിക്ക് പുറത്താണെങ്കിൽ പ്രസ്തുത ഓവർഡ്രാഫ്റ്റിന്റെ പലിശ റിപ്പോ നിരക്കിനേക്കാൾ അഞ്ച് ശതമാനം കുടുതലാണ്.

ഭാരതീയ റിസർവ്വ് ബാങ്കുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് ബാങ്കിൽ കുറഞ്ഞത് **1.66 കോടിയുടെ** കുറഞ്ഞ നീക്കിയിരിപ്പ് പണമെങ്കിലും നിലനിർത്തേണ്ടതുണ്ട്. ഓരോ പ്രവൃത്തി ദിവസത്തിന്റെയും അവസാനം ബാങ്കിലുള്ള പ്രതിദിന നീക്കിയിരിപ്പ്, ബാങ്ക്

സർക്കാരിനെ അറിയിക്കുന്നു. ഏതെങ്കിലും ദിവസം, കരാർ പ്രകാരമുള്ള നീക്കിയിരിപ്പിൽ കുറവ് വന്നാൽ സമയാസമയങ്ങളിൽ സ്പെഷ്യലും സാധാരണവുമായ വേസ് ആൻഡ് മീൻസ് മുൻകൂറുകൾ / ഓവർ ഡ്രാഫ്റ്റ് എടുത്ത് ഈ കുറവ് നികത്തുന്നു.

ഓവർഡ്രാഫ്റ്റ് നിയന്ത്രണ പദ്ധതി പ്രകാരം തുടർച്ചയായ പതിനാല് പ്രവൃത്തി ദിവസങ്ങളിൽ കൂടുതലോ ഒരു കലണ്ടർ വർഷത്തിന്റെ ഒരു പാദത്തിൽ 36 പ്രവൃത്തി ദിവസങ്ങളിൽ കൂടുതലോ ഒരു സംസ്ഥാനത്തിനും ഓവർഡ്രാഫ്റ്റിലൂടെ മുന്നോട്ട് പോകാൻ ആകില്ല. ഓവർ ഡ്രാഫ്റ്റ്, സാധാരണ വെയ്സ് ആന്റ് മീൻസിന്റെ നൂറ് ശതമാനത്തിൽ കൂടാൻ പാടില്ലാത്തതും ആകുന്നു. ഒരു സാമ്പത്തിക വർഷത്തിൽ ആദ്യത്തെ അവസരത്തിൽ തുടർച്ചയായ അഞ്ച് പ്രവൃത്തി ദിവസങ്ങളിൽ ഓവർ ഡ്രാഫ്റ്റ് ഈ പരിധിയിൽ അധികരിക്കുകയാണെങ്കിൽ ഓവർ ഡ്രാഫ്റ്റ് പരിധി താഴ്ത്തി കൊണ്ടുവരുന്നതിന് ബാങ്ക് സംസ്ഥാനത്തിനോട് ഉപദേശിക്കും. ഒരു തവണയോ അല്ലെങ്കിൽ പിന്നീടുള്ള ഏതെങ്കിലും സന്ദർഭങ്ങളിലോ അങ്ങനെയുള്ള ക്രമക്കേട് സ്ഥിരമായാൽ, പണം കൊടുക്കൽ നിർത്തലാക്കും. ഇപ്പോൾ സംസ്ഥാന സർക്കാരിനുള്ള സാധാരണ വെയ്സ് ആന്റ് മീൻസ് മുൻകൂറുകളുടെ പ്രയോഗപരിധി **2308 കോടി രൂപയും**, സ്പെഷ്യൽ വെയ്സ് ആൻഡ് മീൻസ് മുൻകൂറുകളുടെ അഥവാ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റിയുടെ പ്രയോഗപരിധി **1818.41 കോടി രൂപയുമാണ്**.

ഇരുപത്തിയഞ്ചാണ്ടുകൾ; അക്കങ്ങളിലൂടെ ഒരു തിരിഞ്ഞു നോട്ടം

		2000-01	2001-02	2002-03	2003-04	2004-05	2005-06	2006-07
								₹ കോടിയിൽ
A	**സംസ്ഥാനത്തിന്റെ തനത് നികുതി വരവ്**	**5870.25**	**5923.42**	**7302.54**	**8088.78**	**8963.65**	**9778.62**	**11941.82**
(i)	ഭൂനികുതി	39.35	34.93	38.40	40.59	43.85	43.88	47.01
(ii)	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	341.10	394.28	486.53	549.81	775.35	1101.42	1519.93
(iii)	കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻമേലുള്ള നികുതികൾ	25.06	36.24	37.31	39.64	41.87	46.62	52.13
(iv)	സംസ്ഥാന എക്സൈസ്	688.94	541.46	663.07	655.91	746.45	841.00	953.07
(v)	വാഹന നികുതികൾ	394.85	452.18	513.20	585.77	610.48	628.51	707.74
(vi)	വില്പന നികുതി	4344.33	4440.85	5343.15	5991.43	6701.05	7037.97	8563.31
(vii)	സംസ്ഥാന ചരക്ക് സേവന നികുതി							
(viii)	കാർഷികാദായ നികുതി	3.83	1.87	6.40	8.74	4.93	6.15	9.63
(ix)	വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും	14.92	5.18	192.63	189.97	9.62	31.52	31.78
(x)	ചരക്കുകളുടേയും യാത്രക്കാരുടേയും മേലുള്ള നികുതികൾ	0.01						
(xi)	ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും	17.86	16.44	21.85	26.86	30.06	41.56	57.22
B	**സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവ്**	**659.09**	**543.38**	**681.26**	**806.98**	**819.09**	**936.78**	**937.57**
C(A+B)	**സംസ്ഥാനത്തിന്റെ തനത് വരവ്**	**6529.34**	**6466.8**	**7983.8**	**8895.76**	**9782.74**	**10715.4**	**12879.39**
D	**കേന്ദ്ര നികുതി വിഹിതം**	**1585.61**	**1614.26**	**1715.22**	**2012.00**	**2404.95**	**2518.20**	**3212.04**
E	**കേന്ദ്ര സഹായ ധനം**	**615.90**	**975.33**	**938.37**	**907.61**	**1312.80**	**2060.93**	**2095.19**
F(D+E)	**ആകെ കേന്ദ്ര വിഹിതം**	**2201.51**	**2589.59**	**2653.59**	**2919.61**	**3717.75**	**4579.13**	**5307.23**
G(C+F)	**ആകെ റവന്യു വരവ്**	**8730.86**	**9056.39**	**10637.39**	**11815.37**	**13500.49**	**15294.53**	**18186.62**
H	**കടബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ**	**117.14**	**55.35**	**77.29**	**72.90**	**95.25**	**51.50**	**68.04**
(i)	**വായ്പകളുടെ വസൂലാക്കൽ**	**117.14**	**55.35**	**77.29**	**72.90**	**95.23**	**51.50**	**66.10**
(ii)	**മറ്റ് മൂലധന വരവുകൾ**	**0**	**0.00**	**0.00**	**0.00**	**0.02**	**0.00**	**1.94**
I	**കടമെടുപ്പും മറ്റ് ബാധ്യതകളും**	**3877.79**	**3269.41**	**4990.04**	**5539.05**	**34258.06**	**48248.14**	**3821.88**
(i)	**പൊതു കടം (തനി)**	**2090.83**	**1959.70**	**2592.98**	**4766.99**	**4038.15**	**4001.07**	**4252.80**
(ii)	**പൊതു കണക്ക് (തനി)**	**1906.65**	**1472.52**	**2110.09**	**665.39**	**546.24**	**330.92**	**-287.56**
(iii)	**ഡ്രാ ഡൗൺ ക്യാഷ് ബാലൻസ്**	**-119.69**	**-162.81**	**286.97**	**106.67**	**-132.50**	**617.10**	**-143.36**
J(G+H+I)	**ആകെ വരവുകൾ**	**12725.79**	**12381.15**	**15704.72**	**17427.32**	**18047.63**	**19527.73**	**22076.54**
K	**റവന്യു ചെലവുകൾ**	**11877.90**	**11662.03**	**14756.05**	**15495.67**	**17169.40**	**18423.68**	**20824.57**
(i)	ശമ്പളം	4445.53	**4163.85**	**4645.45**	**5032.80**	**5322.71**	**5580.85**	**6557.42**
(ii)	വേതനം	68.51	**61.55**	**65.84**	**68.92**	**71.13**	**71.85**	**77.20**
(iii)	പെൻഷൻ	1929.48	1837.93	2282.90	2408.83	2600.77	2861.18	3294.58
(iv)	പലിശ	2257.59	2489.47	2946.77	3328.30	3612.54	3799.25	4189.70
(v)	സബ്സിഡികൾ	7.35	6.08	13.68	7.86	11.39	11.58	31.54
L	**മൂലധന അടങ്കൽ**	**847.89**	**719.12**	**948.67**	**757.44**	**871.83**	**816.94**	**902.58**
M	**വായ്പകളും മുൻകൂറുകളും**	**0**	0	0	1174.21	6.40	287.11	349.39
N(L+M)	**മൂലധന ചെലവ്**	**847.89**	**719.12**	**948.67**	**1931.65**	**878.23**	**1104.05**	**1251.97**
	ശമ്പളം	40.75	36.97	33.54	34.29	22.87	24.03	28.03
	വേതനം	0.42	0.83	0.39	0.45	0.32	0.34	0.41
O(K+N)	**ആകെ ചെലവ്**	**12725.79**	**12381.15**	**15704.72**	**17427.32**	**18047.63**	**19527.73**	**22076.54**
P(K-G)	റവന്യൂ കമ്മി	3147.04	2605.64	4118.66	3680.3	3668.91	3129.15	2637.95
Q (O-(G+H))	ധന കമ്മി	**3877.79**	**3269.41**	**4990.04**	**5539.05**	**4451.89**	**4181.70**	**3821.88**
R	**ആകെ പൊതു കടം**	**13729**	15688	18282	23049	27087	31088	35341
S	**ആകെ കടം**	**23919**	**26951**	**31060**	**37452**	**41878**	**45929**	**49875**

		2007-08	2008-09	2009-10	2010-11	2011-12	2012-13
							₹ കോടിയിൽ
A	**സംസ്ഥാനത്തിന്റെ തനത് നികുതി വരവ്**	**13668.95**	**15990.18**	**17625.02**	**21721.69**	**25718.60**	**30076.61**
(i)	ഭൂനികുതി	47.21	47.56	53.93	55.97	60.75	121.58
(ii)	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	2027.97	2002.99	1896.41	2552.49	2986.56	2938.37
(iii)	കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻമേലുള്ള നികുതികൾ	59.73	61.22	65.08	54.79	59.11	67.58
(iv)	സംസ്ഥാന എക്സൈസ്	1169.25	1397.64	1514.81	1699.54	1883.18	2313.95
(v)	വാഹന നികുതികൾ	853.17	937.45	1131.10	1331.37	1587.13	1924.62
(vi)	വില്പന നികുതി	9371.76	11377.13	12770.89	15833.11	18938.83	22511.09
(vii)	സംസ്ഥാന ചരക്ക് സേവന നികുതി						
(viii)	കാർഷികാദായ നികുതി	22.05	11.97	27.73	46.97	42.86	18.92
(ix)	വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും	39.04	56.00	24.78	20.71	21.28	24.71
(x)	ചരക്കുകളുടേയും യാത്രക്കാരുടേയും മേലുള്ള നികുതികൾ						
(xi)	ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും	78.77	98.21	140.28	126.75	138.89	155.80
B	**സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവ്**	**1209.55**	**1559.29**	**1852.22**	**1930.79**	**2592.18**	**4198.52**
C(A+B)	**സംസ്ഥാനത്തിന്റെ തനത് വരവ്**	**14878.5**	**17549.47**	**19477.24**	**23652.48**	**28310.78**	**34275.13**
D	**കേന്ദ്ര നികുതി വിഹിതം**	**4051.70**	**4275.52**	**4398.78**	**5141.85**	**5990.36**	**6840.65**
E	**കേന്ദ്ര സഹായ ധനം**	**2176.59**	**2687.19**	**2233.38**	**2196.62**	**3709.22**	**3021.53**
F(D+E)	**ആകെ കേന്ദ്ര വിഹിതം**	**6228.29**	**6962.71**	**6632.16**	**7338.47**	**9699.58**	**9862.18**
G(C+F)	**ആകെ റവന്യു വരവ്**	**21106.79**	**24512.18**	**26109.40**	**30990.95**	**38010.36**	**44137.31**
H	**കടബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ**	**52.38**	**44.75**	**87.43**	**68.84**	**70.95**	**88.42**
(i)	**വായ്പകളുടെ വസൂലാക്കൽ**	**44.85**	**35.64**	**38.47**	**44.23**	**54.90**	**73.61**
(ii)	**മറ്റ് മൂലധന വരവുകൾ**	**7.53**	**9.11**	**48.96**	**24.61**	**16.05**	**14.81**
I	**കടമെടുപ്പും മറ്റ് ബാധ്യതകളും**	**6100.21**	**6346.22**	**7871.61**	**7730.45**	**12814.77**	**15002.45**
(i)	**പൊതു കടം (തനി)**	**4210.87**	**5271.05**	**4850.46**	**5213.87**	**6905.90**	**10457.10**
(ii)	**പൊതു കണക്ക് (തനി)**	**1891.23**	**915.87**	**3061.84**	**2524.71**	**5307.63**	**5139.94**
(iii)	**ഡ്രാ ഡൗൺ ക്യാഷ് ബാലൻസ്**	**-1.89**	**159.30**	**-40.69**	**-8.13**	**601.24**	**-594.59**
J(G+H+I)	**ആകെ വരവുകൾ**	**27259.38**	**30903.15**	**34068.44**	**38790.24**	**50896.08**	**59228.18**
K	**റവന്യു ചെലവുകൾ**	**24891.64**	**28223.86**	**31132.37**	**34664.81**	**46044.62**	**53488.75**
(i)	ശമ്പളം	**7661.59**	**9031.35**	**9764.15**	**11031.97**	**16028.82**	**17257.41**
(ii)	വേതനം	**97.87**	**114.52**	**130.26**	**140.06**	**201.47**	**247.55**
(iii)	പെൻഷൻ	4924.53	4686.43	4705.50	5767.49	8700.30	8866.88
(iv)	പലിശ	4329.65	4659.69	5292.48	5689.66	6293.60	7204.81
(v)	സബ്സിഡികൾ	199.71	355.12	440.83	623.70	1001.93	1265.19
L	**മൂലധന അടങ്കൽ**	**1474.58**	**1695.60**	**2059.39**	**3363.69**	**3852.92**	**4603.29**
M	**വായ്പകളും മുൻകൂറുകളും**	893.16	983.69	876.68	761.74	998.54	1136.14
N(L+M)	**മൂലധന ചെലവ്**	**2367.74**	**2679.29**	**2936.07**	**4125.43**	**4851.46**	5739.43
	ശമ്പളം	32.07	32.46	36.05	36.41	54.42	56.29
	വേതനം	0.54	0.49	0.62	0.61	0.74	0.84
O(K+N)	**ആകെ ചെലവ്**	**27259.38**	**30903.15**	**34068.44**	**38790.24**	**50896.08**	**59228.18**
P(K-G)	റവന്യൂ കമ്മി	3784.85	3711.68	5022.97	3673.86	8034.26	9351.44
Q (O-(G+H))	ധന കമ്മി	**6100.21**	**6346.22**	**7871.61**	**7730.45**	**12814.77**	**15002.45**
R	**ആകെ പൊതു കടം**	39552	44823	49673	54887	61793	72250
S	**ആകെ കടം**	**55410**	**63270**	**70969**	**78673**	**89418**	**103561**

		2013-14	2014-15	2015-16	2016-17	2017-18	2018-19
							₹ കോടിയിൽ
A	**സംസ്ഥാനത്തിന്റെ തനത് നികുതി വരവ്**	**31995.02**	**35232.50**	**38995.15**	**42176.38**	**46459.61**	**50644.10**
(i)	ഭൂനികുതി	88.78	139.03	182.28	124.15	162.16	202.78
(ii)	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	2593.29	2659.02	2877.73	3006.59	3452.56	3693.17
(iii)	കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻമേലുള്ള നികുതികൾ	76.14	113.46	130.56	159.19	186.79	177.04
(iv)	സംസ്ഥാന എക്സൈസ്	1941.72	1777.42	1964.15	2019.30	2240.42	2521.40
(v)	വാഹന നികുതികൾ	2161.09	2364.95	2814.30	3107.23	3662.85	3708.61
(vi)	വില്പന നികുതി	24885.25	27908.33	30736.78	33453.49	24577.81	19225.75
(vii)	സംസ്ഥാന ചരക്ക് സേവന നികുതി					12007.69	21014.71
(viii)	കാർഷികാദായ നികുതി	21.55	8.60	2.01	2.37	2.85	0.70
(ix)	വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും	42.25	48.71	57.66	63.30	66.87	62.38
(x)	ചരക്കുകളുടേയും യാത്രക്കാരുടേയും മേലുള്ള നികുതികൾ			0.01	0.01		
(xi)	ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും	184.95	212.98	229.66	240.75	99.58	37.57
B	**സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവ്**	**5575.03**	**7283.69**	**8425.49**	**9699.98**	**11199.61**	**11783.24**
C(A+B)	**സംസ്ഥാനത്തിന്റെ തനത് വരവ്**	**37570.05**	**42516.19**	**47420.64**	**51876.36**	**57659.22**	**62427.34**
D	**കേന്ദ്ര നികുതി വിഹിതം**	**7468.68**	**7926.29**	**12690.67**	**15225.02**	**16833.08**	**19038.17**
E	**കേന്ദ്ര സഹായ ധനം**	**4138.21**	**7507.99**	**8921.35**	**8510.35**	**8527.84**	**11388.96**
F(D+E)	**ആകെ കേന്ദ്ര വിഹിതം**	**11606.89**	**15434.28**	**21612.02**	**23735.37**	**25360.92**	**30427.13**
G(C+F)	**ആകെ റവന്യു വരവ്**	**49176.94**	**57950.47**	**69032.66**	**75611.72**	**83020.14**	**92854.47**
H	**കടബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ**	**122.94**	**151.92**	**180.71**	**322.48**	**380.25**	**257.04**
(i)	**വായ്പകളുടെ വസൂലാക്കൽ**	**103.75**	**123.74**	**152.63**	**292.24**	**350.97**	**210.54**
(ii)	**മറ്റ് മൂലധന വരവുകൾ**	**19.19**	**28.18**	**28.08**	**30.24**	**29.28**	**46.50**
I	**കടമെടുപ്പും മറ്റ് ബാധ്യതകളും**	**16944.13**	**18641.73**	**17818.39**	**26448.35**	**26837.41**	**26958.31**
(i)	**പൊതു കടം (തനി)**	**11216.37**	**12666.40**	**13598.01**	**16151.89**	**17101.67**	**15249.92**
(ii)	**പൊതു കണക്ക് (തനി)**	**5710.54**	**5900.83**	**4186.58**	**10288.15**	**9739.36**	**11734.65**
(iii)	**ഡ്രാ ഡൗൺ ക്യാഷ് ബാലൻസ്**	**17.22**	**74.50**	**33.80**	**8.32**	**-3.62**	**-26.26**
J(G+H+I)	**ആകെ വരവുകൾ**	**66244.01**	**76744.12**	**87031.76**	**102382.55**	**110237.81**	**120069.82**
K	**റവന്യു ചെലവുകൾ**	**60485.50**	**71746.44**	**78689.47**	**91096.31**	**99948.35**	**110316.39**
(i)	ശമ്പളം	**19279.78**	**21343.66**	**23450.10**	**27953.87**	**31802.10**	**31405.69**
(ii)	വേതനം	**274.17**	**277.20**	**307.00**	**419.49**	**442.89**	**1114.97**
(iii)	പെൻഷൻ	9971.28	11252.67	13062.86	15277.03	19938.41	19011.94
(iv)	പലിശ	8265.39	9769.59	11110.62	12116.50	15119.93	16747.92
(v)	സബ്സിഡികൾ	1251.79	1247.52	1343.09	1730.67	1583.79	1651.58
L	**മൂലധന അടങ്കൽ**	**4294.34**	**4254.59**	**7500.04**	**10125.95**	**8748.87**	**7430.54**
M	**വായ്പകളും മുൻകൂറുകളും**	1464.17	743.09	842.25	1160.30	1540.59	2322.89
N(L+M)	**മൂലധന ചെലവ്**	**5758.51**	**4997.68**	**8342.29**	**11286.25**	**10289.46**	**9753.43**
	ശമ്പളം	61.20	67.25	74.75	90.88	103.82	104.68
	വേതനം	0.93	0.98	1.08	1.38	0.26	72.47
O(K+N)	**ആകെ ചെലവ്**	**66244.01**	**76744.12**	**87031.76**	**102382.56**	**110237.81**	**120069.82**
P(K-G)	റവന്യൂ കമ്മി	11308.56	13795.97	9656.81	15484.59	16928.21	17461.92
Q (O-(G+H))	ധന കമ്മി	**16944.13**	**18641.73**	**17818.39**	**26448.36**	**26837.42**	**26958.31**
R	**ആകെ പൊതു കടം**	83466	96133	109731	125883	142985	158234
S	**ആകെ കടം**	**119009**	**135440**	**157370**	**186454**	**210762**	**235631**

		2019-20	2020-21	2021-22	2022-23	2023-24	2024-25
							₹ കോടിയിൽ
A	**സംസ്ഥാനത്തിന്റെ തനത് നികുതി വരവ്**	**50323.14**	**47660.84**	**58340.52**	**71968.16**	**74329.01**	**76642.19**
(i)	ഭൂനികുതി	332.42	493.35	470.84	718.90	711.71	608.73
(ii)	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	3615.01	3489.59	4857.33	6216.71	5694.88	6127.56
(iii)	കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻമേലുള്ള നികുതികൾ	194.63	138.29	159.33	240.08	236.09	216.67
(iv)	സംസ്ഥാന എക്സൈസ്	2255.28	2329.22	2032.23	2875.95	2944.02	2871.63
(v)	വാഹന നികുതികൾ	3721.14	3386.28	4037.1	5386.81	6340.46	6634.98
(vi)	വില്പന നികുതി	19649.64	17689.17	22487.43	26875.78	27690.43	27693.86
(vii)	സംസ്ഥാന ചരക്ക് സേവന നികുതി	20446.95	20028.31	24169.81	29513.28	30563.60	32314.70
(viii)	കാർഷികാദായ നികുതി	0.84	0.50	0.50	0.39	0.21	-3.87
(ix)	വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും	67.92	57.34	69.92	72.35	85.49	95.16
(x)	ചരക്കുകളുടേയും യാത്രക്കാരുടേയും മേലുള്ള നികുതികൾ						
(xi)	ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും	39.31	48.8	56.04	67.89	62.13	82.77
B	**സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവ്**	**12265.22**	**7327.31**	**10462.51**	**15117.96**	**16345.96**	**16486.62**
C(A+B)	**സംസ്ഥാനത്തിന്റെ തനത് വരവ്**	**62588.36**	**54988.15**	**68803.03**	**87086.12**	**90674.97**	**93128.81**
D	**കേന്ദ്ര നികുതി വിഹിതം**	**16401.05**	**11560.4**	**17820.09**	**18260.68**	**21742.92**	**24772.38**
E	**കേന്ദ്ര സഹായ ധനം**	**11235.26**	**31068.28**	**30017.12**	**27377.86**	**12068.26**	**6959.87**
F(D+E)	**ആകെ കേന്ദ്ര വിഹിതം**	**27636.31**	**42628.68**	**47837.21**	**45638.54**	**33811.18**	**31732.25**
G(C+F)	**ആകെ റവന്യു വരവ്**	**90224.67**	**97616.83**	**116640.24**	**132724.66**	**124486.15**	**124861.07**
H	**കടബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ**	**322.80**	**297.97**	**539.51**	**459.23**	**762.31**	**698.36**
(i)	**വായ്പകളുടെ വസൂലാക്കൽ**	**295.32**	**263.82**	**479.24**	**409.29**	**714.80**	**667.16**
(ii)	**മറ്റ് മൂലധന വരവുകൾ**	**27.48**	**34.15**	**60.27**	**49.94**	**47.51**	**31.20**
I	**കടമെടുപ്പും മറ്റ് ബാധ്യതകളും**	**23837.48**	**40969.69**	**46045.79**	**25554.54**	**34258.06**	**48248.14**
(i)	**പൊതു കടം (തനി)**	**16405.77**	**30807.51**	**29032.14**	**18026.42**	**29989.02**	**42025.88**
(ii)	**പൊതു കണക്ക് (തനി)**	**7339.55**	**10065.72**	**16926.21**	**8004.67**	**4361.71**	**5605.16**
(iii)	**ഡ്രോ ഡൗൺ ക്യാഷ് ബാലൻസ്**	**92.16**	**96.46**	**87.44**	**-476.54**	**-92.67**	**617.10**
J(G+H+I)	**ആകെ വരവുകൾ**	**114384.95**	**138884.49**	**163225.54**	**158738.43**	**159506.52**	**173807.57**
K	**റവന്യു ചെലവുകൾ**	**104719.92**	**123446.33**	**146179.51**	**141950.94**	**142626.34**	**155920.79**
(i)	ശമ്പളം	**31676.44**	**27728.29**	**44494.16**	**37902.84**	**38541.18**	**39872.20**
(ii)	വേതനം	**1265.86**	**1039.13**	**1285.79**	**1486.85**	**1556.51**	**1677.95**
(iii)	പെൻഷൻ	19064.29	18942.85	26898.69	26090.04	25644.24	27875.21
(iv)	പലിശ	19214.71	20975.36	23302.82	25176.36	26986.23	29138.23
(v)	സബ്സിഡികൾ	1378.33	6300.41	3892.87	1542.5	1446.77	1490.42
L	**മൂലധന അടങ്കൽ ചെലവ്**	**8454.80**	**12889.65**	**14191.73**	**13996.56**	**13584.45**	**15082.41**
M	**വായ്പകളും മുൻകൂറുകളും**	1210.22	2548.51	2854.29	2790.93	3295.72	2804.36
N(L+M)	**മൂലധന ചെലവ്**	**9665.02**	**15438.16**	**17046.02**	**16787.49**	**16880.17**	**17886.78**
	ശമ്പളം	98.43	82.57	131.12	110.7	31.66	31.61
	വേതനം	2.82	2.43	3.18	2.98	1.82	5.87
O(K+N)	**ആകെ ചെലവ്**	**114384.94**	**138884.49**	**163225.53**	**158738.43**	**159506.51**	**173807.57**
P(K-G)	**റവന്യൂ കമ്മി**	14495.25	20063.50	20799.96	9226.28	18140.19	31059.72
Q (O-(G+H))	**ധന കമ്മി**	23837.47	35203.69	37306.47	25554.54	34258.05	48248.14
R	**ആകെ പൊതു കടം**	174640	199682	219975	238001	267790	310016
S	**ആകെ കടം**	**260311**	**296901**	**335641**	**362192**	**391934**	**435314**

ചരക്ക് സേവന നികുതി നഷ്ട പരിഹാരയിനത്തിൽ വായ്പയായി 2020-21,2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം ലഭ്യമായ 5766 കോടി രൂപയും ,8739.31 കോടി രൂപയും സംസ്ഥാനത്തിന്റെ തിരിച്ചടയ്ക്കേണ്ട ബാധ്യതയല്ലാത്തതിനാൽ അവയെ കേന്ദ്ര സർക്കാരിൽ നിന്നുള്ള ധന സഹായമായി പരിഗണിച്ചുകൊണ്ടാണ് ധന സൂചികകൾ കണക്കാക്കിയിരിക്കുന്നത്.

Cover Design: Godfrey Das

Printed by the Superintendent of
Government Presses at the Government Press,
Mannanthala, Thiruvananthapuram-2026